യാണ്. പ്രസ്തുത വിശദീകരണം അക്കൗണ്ടന്റ് ജനറലിന് ലഭിച്ചതിനുശേഷം മാത്രമേ പെൻഷൻ വിതരണം ചെയ്തു തുടങ്ങുകയുള്ളൂ.

(ഡി) ഉണ്ട്.

(ഇ) 19.5.1999-ൽ ലഭിച്ചു. മറുപടി നൽകാൻ നടപടി സ്വീകരിച്ചിട്ടുണ്ട്.

(എഫ്) ഉണ്ട്.

(ജി)&(എച്ച്) അക്കൗണ്ടന്റ് ജനറൽ ഉന്നയിച്ച കാര്യങ്ങൾ ഉൾപ്പെടെ വിശദമായ മറുപടി നൽകാൻ സത്വര നടപടികൾ സ്വീകരിച്ചിട്ടുണ്ട്.

പെൻഷൻ പ്രായം ഉയർത്തൽ

59 (104) ശ്രീ. പി.ജെ. ജോയി :
ശ്രീ. കെ.എ. ചന്ദ്രൻ :
ഡോ. എം.എ. കുട്ടപ്പൻ :
ശ്രീ. എഴുകോൺ നാരായണൻ :
ശ്രീ. ഇ.എം. അഗസ്തി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യ മന്ത്രി സദയം മറുപടി നൽകുമോ:

(എ) പെൻഷൻപ്രായം ഉയർത്തുവാൻ സർക്കാർ ഉദ്ദേശിക്കുന്നുണ്ടോ;

(ബി) പെൻഷൻ പ്രായം ഉയർത്തുന്നതുകൊണ്ടുള്ള ഗുണദോഷങ്ങൾ എന്തെല്ലാമാണ്;

(സി) പെൻഷൻ പ്രായം ഉയർത്താത്തപക്ഷം 2000-മാണ്ട് മാർച്ച് മാസത്തിൽ എത്ര റിട്ടയർമെന്റുകൾ ഉണ്ടാകുമെന്ന് പ്രതീക്ഷിക്കുന്നു;

(ഡി) പെൻഷൻ പ്രായം ഉയർത്തുന്നപക്ഷം തൊഴിലില്ലാതെ നിൽക്കുന്ന അഭ്യസ്തവിദ്യരായ യുവാക്കൾക്ക് ജോലി ലഭിക്കുവാൻ എന്തെല്ലാം നടപടികൾ സ്വീകരിക്കാനുദ്ദേശിക്കുന്നു എന്ന് വെളിപ്പെടുത്തുമോ?

ഉത്തരം

(എ) ഇല്ല.

(ബി) പ്രസക്തമല്ല.

(സി) കൃത്യമായ കണക്ക് ലഭ്യമല്ല. മുൻവർഷങ്ങളിലെ റിട്ടയർമെന്റ് നിരക്കിന്റെ ശരാശരി നോക്കിയാൽ ഉദ്ദേശം 20,000 പേർ റിട്ടയർ ചെയ്യും.

(ഡി) 'എ' യിലെ ഉത്തരത്തിന്റെ വെളിച്ചത്തിൽ ഉദിക്കുന്നില്ല.

ദിവസക്കൂലിക്കാരെ സ്ഥിരപ്പെടുത്തുന്ന നടപടി

60 (105) ശ്രീ. ബി. വിജയകുമാർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യ മന്ത്രി സദയം മറുപടി നൽകുമോ:

(എ) വർഷങ്ങളായി വിവിധ വകുപ്പുകളിൽ ദിവസക്കൂലിയിൽ ജോലി ചെയ്യുന്നവരെ സ്ഥിരപ്പെടുത്താൻ സർക്കാർ തീരുമാനിച്ചിട്ടുണ്ടോ; എങ്കിൽ ഇതിന്റെ മാനദണ്ഡമെന്താണ്;

LIBRARY ARCHIVES Kerala Legislative Assembly